ഷൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ പോയിന്റിലും എത്ര വീതം ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡ് സ്വകാര്യ വ്യക്തികളിൽ നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് പർച്ചേസ് പോയിന്റിലും പർച്ചേസ് ആന്റ് ട്രാൻസ്മിഷൻ പോയിന്റിലും പർച്ചേസ്-ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ പോയിന്റിലും എന്തു ചെലവു വീതം വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂൺ മാസത്തെ ബിൽ അനുസരിച്ച് വൈദ്യുതി ബോർഡ് വാങ്ങുന്ന വൈദ്യുതിയുടെ വില താഴെ കൊടുക്കുന്നു:

രാമഗുണ്ടം	-	യൂണിറ്റ് ഒന്നിന്	- 1 രൂപ 10 പൈസ
കായംകുളം	-	യൂണിറ്റ് ഒന്നിന്	- 2 രൂപ 75 പൈസ *(താൽക്കാലികം)*
നെയ്വേലി (1 ഘട്ടം)	-	യൂണിറ്റ് ഒന്നിന്	- 1 രൂപ 04 പൈസ
നെയ്വേലി (2 ഘട്ടം)	-	യൂണിറ്റ് ഒന്നിന്	- 1 രൂപ 54 പൈസ
കൽപ്പാക്കം (എൻ.പി.സി)	-	യൂണിറ്റ് ഒന്നിന്	- 1 രൂപ 82 പൈസ
പശ്ചിമ മേഖല	-	യൂണിറ്റ് ഒന്നിന്	- 1 രൂപ 51 പൈസ

ഇതിനുപുറമെ പ്രസരണ ചെലവിനത്തിൽ യൂണിറ്റൊന്നിന് 14 പൈസ നൽകേണ്ടതുണ്ട്.

(ബി) 1997-98-ലെ ആഡിറ്റിന് വിധേയമാക്കേണ്ട ബോർഡിന്റെ വാർഷികക്കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉത്പാദനച്ചെലവ് 32.95 പൈസയും ഉത്പാദന-പ്രസരണചെലവ് 95.46 പൈസയും ഉത്പാദന-പ്രസരണ-വിതരണച്ചെലവ് 175.89 പൈസയും ആണ്.

(സി) സ്വകാര്യമേഖലയിൽ ബി.എസ്.ഇ.എസ്സിൽ നിന്നു മാത്രമാണ് ഇപ്പോൾ വൈദ്യുതി വാങ്ങുന്നത്. പവർ പർച്ചേസ് പോയിന്റിൽ യൂണിറ്റൊന്നിന് 2 രൂപ 40 പൈസയാണ് ഇപ്പോൾ ബോർഡിനുള്ള ചെലവ്. ഈ വൈദ്യുതി കൊച്ചി മേഖലയിൽതന്നെ ഉപയോഗിക്കുന്നതു കൊണ്ട് ട്രാൻസ്മിഷനിലും ഡിസ്ട്രിബ്യൂഷനിലും സാരമായ വ്യത്യാസം ഉണ്ടാകാനില്ല.

95 (3278) ജലവൈദ്യുത പദ്ധതികളിലെ ജനറേറ്ററുകളുടെ കേടുപാടുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജൂൺ 1-ാം തീയതിലെ നില വച്ച് കേരളത്തിലെ ഏതെങ്കിലും ജലവൈദ്യുത പദ്ധതികളിലെ ജനറേറ്ററുകൾ കേടായിരുന്നുവോ;

(ബി) അവ എത്ര മെഗാവാട്ടിന്റേതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവ ഓരോന്നിന്റെയും പ്രവർത്തനം നിലച്ചത് എന്നു മുതൽ; അതിനുള്ള കാരണമെന്താണ്;

(ഡി) അവയുടെ കേടുപാടുകൾ തീർത്ത് എന്ന് പ്രവർത്തനം തുടങ്ങി; അവശേഷിക്കുന്നവയുടെ കേടുതീർത്ത് എന്ന് പ്രവർത്തിച്ചു തുടങ്ങും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) പെരിങ്ങൽകുത്ത് പദ്ധതിയിലെ ഒന്നാം നമ്പർ ജനറേറ്റർ (8 മെഗാവാട്ട്), പള്ളിവാസൽ പദ്ധതിയിലെ മൂന്നാം നമ്പർ ജനറേറ്റർ, ആറാം നമ്പർ ജനറേറ്റർ (7.5 മെഗാവാട്ട്) എന്നിവ കേടായിരുന്നു.

(സി) വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	*പ്രവർത്തനം നിലച്ച ദിവസം*	*കാരണം*
പെരിങ്ങൽകുത്ത്	9.3.1998	വൈൻഡിംഗ് കത്തിയതിനാൽ
പള്ളിവാസൽ (മൂന്നാം നമ്പർ ജനറേറ്റർ)	4.10.1995	വയറിംഗ് തകരാറ്
പള്ളിവാസൽ (ആറാം നമ്പർ ജനറേറ്റർ)	26.4.1998	വൈൻഡിംഗ് കത്തിയതിനാൽ

(ഡി) *പെരിങ്ങൽകുത്ത് :-*

വൈൻഡിംഗ് തകരാറുമാറ്റി ജനറേറ്റർ പ്രവർത്തിപ്പിച്ചപ്പോൾ അമിതമായ വൈബ്രേഷൻ അനുഭവപ്പെട്ടതുകാരണം പ്രവർത്തനം നിറുത്തിവച്ചു. വിശദമായ പരിശോധനകൾക്കുശേഷം മെയിൻ വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടികൾ എടുത്തുവരുന്നു.

പള്ളിവാസൽ (ആറാം നമ്പർ ജനറേറ്റർ):-

യൂണിറ്റിന്റെ ട്രയൽ റൺ നടത്തിക്കഴിഞ്ഞു.

പള്ളിവാസൽ (മൂന്നാം നമ്പർ ജനറേറ്റർ):-

കാലപ്പഴക്കം കാരണം ഈ യൂണിറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തണ്ട എന്ന് തീരുമാനമെടുത്തിരിക്കുകയാണ്. പള്ളിവാസൽ പുനരുദ്ധാരണ പദ്ധതിയിൽ ഈ മെഷീനും ഉൾപ്പെടുത്തിയിട്ടുണ്ട്.

96 (3279) തകരാറിലായ ജനറേറ്ററുകൾ

ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മാർച്ച് 1 മുതൽ 1999 ജൂൺ 1 വരെ സംസ്ഥാനത്തെ ഏതെല്ലാം വൈദ്യുത പദ്ധതികളുടെ ജനറേറ്ററുകൾ നിശ്ചലമായിട്ടുണ്ട്;

(ബി) ഇതുമൂലം എത്ര ലക്ഷം യൂണിറ്റിന്റെ ഉൽപ്പാദനം കുറഞ്ഞു;

LIBRARY ARCHIVES Kerala Legislative Assembly